# 2050
# കാർബൺ ന്യൂട്രൽ കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ ജൈവവൈവിധ്യ സൗഹൃദ ഗ്രാമങ്ങൾ

എൻ അനിൽ കുമാർ



കേരള സംസ്ഥാന
ജൈവവൈവിധ്യ ബോർഡ്

# 2050 കാർബൺ ന്യൂട്രൽ കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ ജൈവവൈവിധ്യ സൗഹൃദ ഗ്രാമങ്ങൾ

**എൻ അനിൽ കുമാർ**
ചെയർമാൻ
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

*'പ്രകൃതിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, കാലാവസ്ഥയ്ക്കായി, നമ്മുടെ ഭാവിക്കായി'* ലോക പരിസ്ഥിതി ദിനത്തിന്റെ ഈ വർഷത്തെ ഈ പ്രമേയം പ്രകൃതി സംരക്ഷകർക്ക് വലിയ പ്രതീക്ഷ നല്കുന്നു. ഇതുമായി ബന്ധപ്പെടുത്തി ആഹ്വാനം ചെയ്തിരിക്കുന്ന 'ആവാസവ്യവസ്ഥ പുനഃസ്ഥാപനം, മരുഭൂമീകരണം തടയൽ, വരൾച്ച പ്രതിരോധം' എന്നീ പ്രധാന ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന കാലാവസ്ഥാ നടപടി (Climate Action) എങ്ങനെ പ്രവർത്തിപഥത്തിൽ എത്തിക്കുക എന്നതാണ് ഭരണകർത്താക്കൾക്കു മുന്നിലെ ഏറ്റവും വലിയ വെല്ലുവിളി. കാലാവസ്ഥ നടപടി പദ്ധതിയിലൂടെ, ഭൂമിയിൽ നിന്ന് ഉയരുന്ന അടിയന്തര സന്ദേശങ്ങളായ കടൽനിരപ്പുയരൽ, കാട്ടുതീ, ചൂട് തരംഗങ്ങൾ, വരൾച്ച എന്നിവയോട് പ്രതികരിക്കുന്നതിനായി പുനരുത്പാദിപ്പിക്കാവുന്ന ഊർജ്ജം, പരിസ്ഥിതി പുനഃസ്ഥാപനം, സുസ്ഥിര നഗര വികസനം തുടങ്ങിയ പരിഹാര മാർഗങ്ങൾ കൂടുതൽ വേഗത്തിലാക്കുവാൻ വേണം ലോക രാജ്യങ്ങൾ ലക്ഷ്യമിടേണ്ടത്.

സംസ്ഥാനം ലക്ഷ്യമിടുന്ന കാർബൺ ന്യൂട്രൽ കേരള 2050 എന്ന വികസനമാറ്റ പാതയും ഈ ഒരു സമീപനം തന്നെയാവണം സ്വീകരിക്കുന്നത്. പക്ഷെ ലക്ഷ്യം നേടിയെടുക്കുവാൻ ശാസ്ത്ര സാങ്കേതിക ഇടപെടലുകളിലൂടെ മാത്രം സാധ്യമല്ല; മറിച്ച് ഒരുപിടി ജനകീയ പങ്കാളിത്തം ഉറപ്പാക്കിയ പ്രാദേശിക നടപടികൾ വേണം. ജൈവവൈവിധ്യ സംരക്ഷണം, ആവാസവ്യവസ്ഥകളുടെ പ്രതിരോധശേഷി ഉയർത്തൽ,

കാർബൺ സ്വാംശീകരണം, ജൈവവൈവിധ്യ സുസ്ഥിര ഉപയോഗം എന്നിവ ഉറപ്പാക്കി നേടുന്ന പാരിസ്ഥിതിക പുനഃസ്ഥാപനവും സാമൂഹിക കാർഷിക പരിപാലനവും ആകണം നമ്മുടെ വികസന/ പരിസ്ഥിതി/ കാലാവസ്ഥ സൗഹൃദ നടപടികളുടെ ലിസ്റ്റിൽ ഏറ്റവും ആദ്യം ഉണ്ടാകേണ്ടത്. കേരളത്തിലെ ജൈവവൈവിധ്യ പ്രാധാന്യം ഉള്ള ആവാസവ്യവസ്ഥകൾക്കും ജൈവവൈവിധ്യ സൗഹൃദ ഇടങ്ങൾക്കും ഒരുമിച്ച് പ്രകൃതിദത്ത കാർബൺ സിങ്കുകൾ, കാലാവസ്ഥാ ബഫറുകൾ, പ്രതിരോധശേഷിയുള്ള ഭൂപ്രകൃതികൾ എന്നിവയുടെ ഒരു വിതരണ ശൃംഖലയായി പ്രവർത്തിക്കാൻ കഴിയും.

ഇതിനായി, ഓരോ ഗ്രാമപഞ്ചായത്തുകളെയും അവിടങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതികളെയും കാലാവസ്ഥ, പരിസ്ഥിതി, ദുരന്ത നിവാരണ, വന സംരക്ഷണ കമ്മിറ്റികളെയും പങ്കാളികളാക്കി കാലാവസ്ഥാ പ്രവർത്തനം കൂടുതൽ പ്രാദേശികവൽക്കരിക്കുവാൻ നമുക്ക് കഴിയണം. വനം ഉൾപ്പെടെയുള്ള ജൈവവൈവിധ്യത്തെ ഒരു പ്രത്യേക പരിസ്ഥിതി മേഖലയായി അല്ലെങ്കിൽ ഒരു വേറിട്ട വിഷയമായി സംരക്ഷിച്ചു പരിപാലിക്കുന്നതിന് ഉപരിയായി സുസ്ഥിര വികസനത്തിലേക്കും കാലാവസ്ഥ പ്രതിരോധശേഷിയിലേക്കും നേരിട്ട് ബന്ധിപ്പിക്കുന്ന പ്രകൃതി വിഭവം എന്ന രീതിയിൽ നമുക്ക് കാണുവാൻ കഴിയണം.

നവകേരളം എന്ന വീക്ഷണവുമായി അടുത്ത പഞ്ചവത്സരങ്ങളെ സമീപിക്കുമ്പോൾ, ജൈവവൈവിധ്യ, കാലാവസ്ഥാ, സുസ്ഥിരവികസന കൺവെൻഷനുകളും അജണ്ടകളും പ്രഖ്യാപിച്ച ആഗോള ലക്ഷ്യങ്ങളെയും, രാജ്യത്തിന്റെ നിയമനിർമാണങ്ങളെയും പ്രതിബദ്ധതകളെയും ഏകോപിപ്പിച്ച്, whole-of-government and whole-of-socitey–എന്ന സമഗ്രമായ സമീപനം സ്വീകരിക്കേണ്ടത് നിർണായകമാണ്. ഇതിലൂടെ, അനുകരണീയമായ ഒരു "കേരള മാതൃക" ഉയർത്തിക്കാട്ടുക എന്നത് സംസ്ഥാനത്തിന്റെ വ്യക്തമായ നയപരമായ തീരുമാനമായിരിക്കണം.

ജൈവവൈവിധ്യ സംരക്ഷണത്തിനായി ഇങ്ങനെ ഒരു മാതൃക ഉയർത്തി കൊണ്ടുവരുവാൻ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2026 മെയ് 22ന് ലോക ജൈവവൈവിധ്യ ദിനത്തിൽ തിരുവനന്തപുരത്ത് തുടക്കം കുറിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട 30 പ്രാദേശിക സ്വയംഭരണ സർക്കാർ പ്രദേശങ്ങളിലാണ് പ്രാരംഭ ഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

'ജൈവവൈവിധ്യ സൗഹൃദ ഗ്രാമങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്ന ഈ പദ്ധതി, പ്രൊഫസർ എം.എസ് സ്വാമിനാഥൻ കാർഷിക സുസ്ഥിര വികസന ലക്ഷ്യം വച്ചുകൊണ്ട് ആവിഷ്കരിച്ച നടപ്പിലാക്കിയ 'ജൈവഗ്രാമം' മാതൃകയുടെ ശാസ്ത്രീയ ഇടപെടലുകളും, കേരളാ വികസന മോഡലിന്റെ അടിത്തറയായി പ്രവർത്തിക്കുന്ന ജനകീയ സ്വയംഭരണവും, നമ്മുടെ ജനകീയ ശാസ്ത്രജ്ഞനും പ്രസിഡന്റുമായിരുന്ന ഡോ. അബ്ദുൾ കലാം താൽപര്യമെടുത്ത് നടപ്പിലാക്കാൻ ശ്രമിച്ച PURA (Providing Urban Amenities in Rural Areas) എന്ന പദ്ധതിയിലെ ആധുനിക സൗകര്യങ്ങളും, രാജ്യത്തിന്റെ ജൈവവൈവിധ്യ നിയമം 2002 (as amended 2023) അനുശാസിക്കുന്ന ജൈവവൈവിധ്യ പൈതൃക ഇടങ്ങൾ എന്ന ആശയത്തേയും സമന്വയിപ്പിക്കുന്നു.

**ജൈവവൈവിധ്യ സൗഹൃദ ഗ്രാമങ്ങൾ**

ആഗോളതലത്തിൽ രേഖപ്പെടുത്തി വിവരിച്ചിട്ടുള്ള 36 ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളിൽ, (biodiverstiy hotspots) കേരളം ഉൾപ്പെട്ട പശ്ചിമഘട്ടം ഏറ്റവും ജനസാന്ദ്രത നിറഞ്ഞതും പ്രൊഫ. മാധവ് ഗാഡ്ഗിൽ മുന്നറിയിപ്പു തന്നതുപോലെ ലോകത്തിലെ തന്നെ അതിതീവ്ര പരിസ്ഥിതിലോലപ്രദേശവുമാണ്. പശ്ചിമഘട്ട പ്രദേശങ്ങളിൽ കേരളത്തിലാണ് ഏറ്റവും ഉയർന്ന ജനസാന്ദ്രത, ഒരു ചതുരശ്ര കിലോമീറ്ററിൽ 860 പേർ, ദ്രുതഗതിയിലുള്ള നഗരവൽക്കരണം. 2001 നും 2011 നും ഇടയിൽ ഈ

നിരക്ക് 25.96% ൽ നിന്ന് 47.72% ആയി വർദ്ധിച്ചു. 2024 ലെ സാമ്പത്തിക അവലോകനം അനുസരിച്ച്, കേരളം വളരെ വേഗത്തിലുള്ള നഗരവൽക്കരണത്തിന് സാക്ഷ്യം വഹിക്കുകയാണ്, 2036 ആകുമ്പോഴേക്കും ജന സംഖ്യയുടെ 70% പേരും നഗരവാസികളാകുമെന്ന് പ്രവച നങ്ങൾ സൂചിപ്പിക്കുന്നു. കടുത്ത കാലാവസ്ഥാ വ്യതിയാ നങ്ങൾ കാരണമുള്ള തിക്താനുഭവങ്ങൾ നമ്മൾ നേരിടേണ്ടി വരും. സുസ്ഥിര ഗ്രാമ/നഗര ആസൂത്രണത്തിന്റെയും നമ്മുടെ വികസന സങ്കല്പം ഉയർത്തുന്ന പാരിസ്ഥിതിക വെല്ലു വിളികളെയും നേരിടാൻ സംയോജിതവും നൂതനവുമായ നടപടികളുടെ ആവശ്യകത ഇത് അടിവരയിടുന്നു.

'ജൈവവൈവിധ്യ സൗഹൃദ ഗ്രാമങ്ങൾ' എന്ന ആശയം, ഗ്രാമീണ മനുഷ്യവാസ കേന്ദ്രങ്ങളെ പ്രകൃതിയുമായി ചേർത്ത് നിലനിർത്തുന്ന ഒരു പ്രായോഗിക മാതൃക എന്ന താണ്. ജനങ്ങൾ അവരുടെ കാർഷിക ഭൂമികളിലും, ഗ്രാമീണ ആവാസവ്യവസ്ഥകളിലും, നദീതടങ്ങളിലും, കാവുകളിലും, കുളങ്ങളിലും, ചെറുകാടുകളിലും, ജലാശയങ്ങളിലും വൈ വിധ്യമാർന്ന സസ്യജന്തുജാലങ്ങളെ സംരക്ഷിക്കുകയും, അവയിൽ പല ജനുസ്സുകളെയും സുസ്ഥിരമായി ഉപയോ ഗപ്പെടുത്തുകയും ചെയ്യുന്നു. ഇതിലൂടെ ഗവേഷണത്തിനും വ്യാവസായിക ഉപയോഗത്തിനും പ്രാപ്തമായ വിഭവങ്ങൾ ലഭ്യമാകുകയും, ഗ്രാമീണ സമൂഹത്തിന്റെ ജീവിതനിലവാരം ഉയരുകയും ചെയ്യുന്നു. അതോടൊപ്പം, പ്രകൃതിയെ പരിപാ ലിക്കുന്നതും മനുഷ്യപ്രകൃതി സഹവാസം ഉറപ്പാക്കുന്നതു മായ ഒരു സുസ്ഥിര വികസന മാതൃകയായി ഈ ഗ്രാമങ്ങൾ മാറുന്നു.

എങ്ങനെയാണ് ഇത്തരം ഗ്രാമങ്ങൾ ജൈവവൈവിധ്യ സംരക്ഷണത്തിന് മാതൃക ആകുന്നത് എന്ന് സൂക്ഷ്മമായി നോക്കാം:

ഒന്നാമതായി, **സാമൂഹികാധിഷ്ഠിത ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിലൂടെ.** പ്രകൃതിയധിഷ്ഠിത കാലാവസ്ഥ പരിഹാര മാർഗ്ഗങ്ങളുടെ (Nature-Climate Solutions) പ്രായോഗിക മാതൃകകളാകും വൈവിധ്യമാർന്ന ആവാസവ്യവസ്ഥകൾ ഉൾപ്പെട്ട ജൈവവൈവിധ്യ പ്രദേശങ്ങൾ. ഇന്ത്യയിലെ നിയമപരിരക്ഷയുള്ള സംരക്ഷിത പ്രദേശങ്ങൾ രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ വെറും 5.32 ശതമാനം മാത്രമാണ് ഉൾക്കൊള്ളുന്നത്. കേരളത്തിന് നല്ല പച്ചപ്പും 50 ശതമാനത്തിലേറെ ഹരിതാവരണവും ഉണ്ടായിട്ടും, 70 ശതമാനത്തിലധികം ജൈവവൈവിധ്യം സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്താണ്, അഥവാ മുൻ സൂചിപ്പിച്ച സാമൂഹിക ഇടങ്ങളിലാണ്. പക്ഷെ ഈ ആവാസവ്യവസ്ഥകളിൽ ഒട്ടുമിക്കതും പരിസ്ഥിതി നാശത്തിന്റെയും ജൈവശോഷണത്തിന്റെയും വക്കിലാണ്.

അത്തരം മാതൃകായിടങ്ങളിൽ പ്രാദേശിക സർക്കാരുകൾ അവരുടെ ജൈവവൈവിധ്യ പരിപാലന സമിതികളുടെ നേതൃത്വത്തിൽ ആവാസവ്യവസ്ഥ പുനഃസ്ഥാപനം, വന്യവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, കാർഷിക പ്രതിരോധശേഷി ഉയർത്തൽ, പാരമ്പര്യ അറിവിന്റെയും ശാസ്ത്രീയ അറിവിന്റെയും വിളക്കിച്ചേർക്കൽ എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള വികസന പദ്ധതികൾക്കാകും മുൻതൂക്കം നൽകുക. കാവുകൾ, കുളങ്ങൾ, ചെറുകാടുകൾ എന്നിവ പുനഃസ്ഥാപിക്കുന്നതിലൂടെ ഗ്രാമങ്ങളിലെ പരിസ്ഥിതിക ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും, വന്യവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം ഉറപ്പാക്കുന്നതിലൂടെ വൈവിധ്യമാർന്ന ജീവസന്ധാരണ മാർഗങ്ങൾ സാധ്യമാക്കുകയും ചെയ്യുന്നു. കാർഷിക മേഖലയിൽ ജൈവകൃഷി, മിശ്രകൃഷി, വിത്ത് ബാങ്കുകൾ എന്നിവ സ്ഥാപിക്കുന്നതിലൂടെ കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നത് വർദ്ധിപ്പിക്കുവാൻ കഴിയുന്നു.

രണ്ടാമതായി, **ജൈവവൈവിധ്യ അറിവുകൾ ഗവേഷണ/ വ്യാവസായിക ആവശ്യങ്ങൾക്ക് പ്രാപ്യമാക്കുന്ന** (Access

and Benefit Sharing) കരാറുകൾ വഴി ഗോത്രഗ്രാമ സമൂഹങ്ങൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുകയും ചെയ്യുന്നു. ജൈവവിഭവങ്ങൾ ഉപയോഗിക്കുന്ന വ്യവസായങ്ങൾ ജൈവവൈവിധ്യ സംരക്ഷണത്തിന് അവരുടെ വരുമാനത്തിന് ആനുപാതികമായി സംഭാവന നൽകണമെന്ന നിയമ വ്യവസ്ഥ കർശനമായി പാലിക്കപ്പെടുന്നു. അത്തരം വരുമാനം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വഴി പ്രാദേശിക ജൈവവൈവിധ്യ ഫണ്ടിലേക്ക് മാറ്റപ്പെടുന്നു.

ജൈവവൈവിധ്യ നിയമം സെക്ഷൻ 41(3) ചുമത്തൽ അധികാരങ്ങൾ പ്രാദേശിക സർക്കാരുകൾ ഉപയോഗപ്പെടുത്തണം. വ്യാവസായികമായി പ്രാദേശിക ജൈവവിഭവ ശേഖരണം നടത്തുന്ന കമ്പനികളുടെയും വ്യക്തികളുടെയും മേൽ ബി.എം.സികൾക്ക് കളക്ഷൻ ചാർജുകളും ലൈസൻസ് ഫീസും ഈടാക്കാം, അത്തരം ധനാഗമന മാർഗങ്ങൾ പ്രാദേശിക ജൈവവൈവിധ്യ ഫണ്ടുകൾ (LBF) ശക്തിപ്പെടുത്തും.

കൂടാതെ ജൈവവൈവിധ്യ സംരക്ഷണത്തെ ധനകാര്യ ആസൂത്രണത്തിലേക്ക് സംയോജിപ്പിക്കുകയും പ്രത്യേകമായി പുതിയ ധനസഹായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. പ്രാദേശിക സർക്കാരുകൾ അവരുടെ വാർഷിക ബജറ്റിന്റെ കുറഞ്ഞ പക്ഷം 2 ശതമാനം എങ്കിലും പരിസ്ഥിതി /ജൈവവൈവിധ്യ സംരക്ഷണത്തിനായി മാറ്റിവയ്ക്കണം. മാത്രവുമല്ല, ജൈവവൈവിധ്യ പദ്ധതികളെ കോർപ്പറേറ്റ് ഉത്തരവാദിത്ത വ്യവസ്ഥകളുമായും തൊഴിൽ യുറപ്പ് പദ്ധതികളുമായി ബന്ധിപ്പിച്ചിട്ടുള്ള ഒരു ദ്വിതല ധനാഗമന സംവിധാനം സൃഷ്ടിക്കപ്പെടും.

മൂന്നാമതായി **ജൈവവൈവിധ്യ സുസ്ഥിര ഉപയോഗ പരിശീലന പദ്ധതിയാണ്.** UNESCO വിഭാവനം ചെയ്ത മനുഷ്യനും ജൈവ മണ്ഡലവും (Man and Biosphere) എന്ന ബൃഹത് പദ്ധതിയിലെ മൂന്നു കാര്യങ്ങളെ സംയോജിപ്പിച്ചു

നടപ്പിലാക്കുന്ന പരിശീലന പദ്ധതികളാകും. ഒന്ന്, എങ്ങനെ നമ്മുടെ പരിധിയിൽ വരുന്ന ജൈവവൈവിധ്യവും സാംസ്കാരിക വൈവിധ്യവും സംരക്ഷിക്കാം, രണ്ട്, എങ്ങനെ സാമൂഹിക പാരിസ്ഥിതിക സാംസ്കാരിക സുസ്ഥിരത ഉറപ്പാക്കിയുള്ള സാമ്പത്തിക വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കാം. മൂന്ന്, ഗവേഷണം, മോണിറ്ററിംഗ്, പരിസ്ഥിതി വിദ്യാഭ്യാസ പരിശീലന പ്രവർത്തനങ്ങൾ എന്നിവയ്ക്കായുള്ള സഹായസഹകരണങ്ങൾ എങ്ങനെ ഉറപ്പാക്കാം. ഇതിന്റെ ആദ്യപടി ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ (PBRs) ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുവാനും, പ്രാദേശികതലത്തിൽ ജൈവവൈവിധ്യ പരിപാലന കർമ്മ പദ്ധതി (LBSAPs) ഗ്രാമസഭകളിൽ ചർച്ച ചെയ്ത് NGOS, FPOS, കുടുംബശ്രീ തുടങ്ങിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി നൂതനവും സുസ്ഥിരവുമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ കഴിയുക എന്നതാണ്.

നാലാമതായി, **മലയോര മേഖലയിലെ ജൈവവൈവിധ്യ ഗ്രാമങ്ങൾക്ക് മനുഷ്യ വന്യജീവി സഹവർത്തിത്വം വർദ്ധിപ്പിക്കുവാൻ** കഴിയും. ഇത് സാധ്യമാകുന്നത് മനുഷ്യ ആവാസവ്യവസ്ഥകളിലെ പാരിസ്ഥിതിക ബന്ധങ്ങൾ വന്യജീവി സംരക്ഷിത പ്രദേശങ്ങളുടെ ഗുണനിലവാരം നിർണ്ണയിക്കും എന്ന കാരണത്താലാണ്. വന്യമൃഗങ്ങളുടെ നാട്ടിലേക്കുള്ള വരവും ആക്രമണവും വർദ്ധിക്കുന്നതിനുള്ള ഒരു പ്രധാന കാരണം അവയുടെ സ്വാഭാവിക വാസസ്ഥലങ്ങളുടെ ഗുണമേന്മ നഷ്ടപ്പെടുന്നതാണ്. നമ്മൾ ചെയ്യേണ്ട കാര്യം വനപ്രദേശത്തിന്റെ ഗുണനിലവാരവും വന ആവാസവ്യവസ്ഥകളുടെ ബന്ധിപ്പിക്കലും വർധിപ്പിക്കുക എന്നതാണ്. ഇതിനായി ജൈവ ഇടനാഴികൾ, ജൈവവേലികൾ, 'പരിസ്ഥിതി പാലങ്ങൾ' എന്നിവ വികസിപ്പിച്ച് ഗ്രാമങ്ങളെ വന്യജീവി സഞ്ചാര സൗഹൃദ ഭൂപ്രദേശങ്ങൾ ആക്കി മാറ്റുവാനുള്ള പദ്ധതികൾ ഉണ്ടാകും. ഉദാഹരണത്തിന്, ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ (Biodiverstiy Heritage Sites), ഗ്രാമ ആവാസവ്യവസ്ഥ ഇടനാഴികൾ

(Village Eco-corridors) ഉൾപ്പെട്ട പരിസ്ഥിതി ശൃംഖല പോലുള്ള പദ്ധതികൾ മലയോരം, ഇടനാട്, തീരപ്രദേശം എന്നിവിടങ്ങളിൽ പരിസ്ഥിതി ബന്ധിത ഭൂപട നിർമാണം നടത്തി നടപ്പാക്കാം.

ഇപ്പോൾ വനം വകുപ്പിന്റെ പരിധിയിൽ വരുന്ന തേക്ക്, യൂക്കാലി, മഹാഗണി തുടങ്ങിയ തോട്ടങ്ങൾ ഘട്ടംഘട്ടമായി വെട്ടി മാറ്റി അവിടെ അനുയോജ്യമായ നാടൻ മരങ്ങളും കുറ്റിച്ചെടികളും വച്ചുപിടിപ്പിക്കുവാൻ ഇത്തരം ഗ്രാമങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതികൾ നേതൃത്വം നല്കും. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ധാരാളം വൃക്ഷജാതികൾ, ഔഷധ സസ്യങ്ങൾ, വന്യ ഭക്ഷ്യയോഗ്യമായ സസ്യങ്ങൾ തുടങ്ങിയ കേരളത്തിലുണ്ട്. അവയെ പുനർജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്വാഭാവിക വനവൽക്കരണം പരിപാടികൾ ആയിരിക്കും നടപ്പിലാക്കുക.

ഇത്തരം ഗ്രാമങ്ങൾക്കും ഭരണപ്രദേശങ്ങൾക്കും Kunming–Motnreal Global Biodiverstiy Framework (KMGBF) ന്റെ ഒട്ടുമിക്ക ലക്ഷ്യങ്ങളും നേടുവാൻ കഴിയും. ഉദാഹരണത്തിന്: Target 4 (മനുഷ്യവന്യജീവി സംഘർഷം കുറയ്ക്കൽ), Target 5 (വന്യവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം), Target 6 (അധിനിവേശ ജീവജാലങ്ങളുടെ നിയന്ത്രണം), Target 8 (കാലാവസ്ഥാവ്യതിയാനം), Target 10 (കാർഷിക വനം മത്സ്യബന്ധന മേഖലകളിൽ സുസ്ഥിര രീതികൾ), Target 19 (capactiy-building, technology transfer, ഫണ്ടിംഗ് ഉറപ്പാക്കൽ).

## കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണ പാരമ്പര്യവും തുടർച്ചയും

കേരളത്തിലെ സൈലന്റ് വാലി ജലവൈദ്യുത പദ്ധതി തടഞ്ഞ്, അതിനെ ദേശീയോദ്യാനമായി പ്രഖ്യാപിച്ചത് ഇന്ദിരാഗാന്ധിയുടെ ദീർഘവീക്ഷണം കൊണ്ടാണ്. ഇതിലൂടെ അപൂർവമായ ചോലവനങ്ങളും, സിംഹവാലൻ കുരങ്ങുകൾ പോലുള്ള കീസ്റ്റോൺ (Keystone) സ്പീഷീ

സുകളും സംരക്ഷിക്കപ്പെട്ടു. ഈ ഇടപെടൽ ഇന്ത്യയിലെ പരിസ്ഥിതി രാഷ്ട്രീയത്തിന്റെ നിർണായക നാഴികക്കല്ലായി മാറി. ഇന്നും ദേശീയ തലത്തിൽ, വലിയ വികസന പദ്ധതികൾ പരിസ്ഥിതി ദുരന്തങ്ങളായി മാറാനുള്ള സാധ്യതയെക്കുറിച്ച് മുന്നറിയിപ്പുകൾ ഉയരുന്നു; ഗോത്രാവകാശങ്ങളും ജൈവ വൈവിധ്യവും സംരക്ഷിക്കേണ്ടത് രാഷ്ട്രീയത്തിന്റെ പ്രധാന ഉത്തരവാദിത്വമാണെന്ന് നിരന്തരം ഓർമ്മിപ്പിക്കപ്പെടുന്നു. അതുപോലെ, ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളിൽ മനുഷ്യമൃഗ സംഘർഷം കുറയ്ക്കലും, പ്രകൃതി സംരക്ഷ ണവും രാഷ്ട്രീയ ഇടപെടലുകളുടെ മുൻനിരയിൽ തുടരുന്നു.

ഈ പാരമ്പര്യം ശക്തമായി തുടർന്നുകൊണ്ട്, വികസന ത്തിന് വിഘാതമാകാതെ മുന്നോട്ട് പോകുക എന്നതാണ് വെല്ലുവിളി.'ജൈവവൈവിധ്യ സൗഹൃദ ഗ്രാമങ്ങൾ' എന്ന ആശയം സുസ്ഥിര വികസന ലക്ഷ്യങ്ങളുടെയും കാലാ വസ്ഥാ ലക്ഷ്യങ്ങളുടെയും പ്രാദേശികവൽക്കരണത്തോട് ചേർത്ത് മുന്നോട്ടുകൊണ്ടുപോകാവുന്ന മാതൃകയാണ്. ഇതിന് ആവശ്യമായത് ശക്തമായ രാഷ്ട്രീയ മനോവീര്യവും, പ്രാദേശിക തലത്തിൽ തദ്ദേശ സ്വയംഭരണ നേതൃത്വവും ആണ്.

2026, ജൂൺ അഞ്ചാം തീയതി<br>തിരുവനന്തപുരം



കേരള സംസ്ഥാന
ജൈവവൈവിധ്യ ബോർഡ്